# പുരപ്പണിയും നാലിതൾപ്പൂവും

**അജിത് ജി. കൃഷ്ണ**

ഗ്രാമീണതയുടെ പ്രതിരോധത്തിലൂന്നിയ ഒരു കാവ്യഭാഷയിലൂടെ മലയാളിയുടെ കാവ്യബോധത്തെ നവീകരിക്കാൻ ശ്രമിച്ച കവിയാണ് ഇടശ്ശേരി. അതുകൊണ്ടാവണം വ്യക്തിഗതം എന്നതിനേക്കാൾ ഒരു കാലഘട്ടത്തിന്റെയോ, ദേശത്തിന്റെയോ കാവ്യസങ്കൽപ്പങ്ങളും ജീവിതമൂല്യങ്ങളും ഇടശ്ശേരിക്കവിതയിൽ കണ്ടെത്താനാവുന്നത്. കവിതയുടെ മൗലികതയെക്കുറിച്ചുള്ള അന്വേഷണങ്ങൾ എന്ന നിലയ്ക്കാണ് ഇടശ്ശേരിയുടെ 'പുരപ്പണി', 'നാലിതൾപ്പൂവ്' എന്നീ കവിതകളെ സമീപിക്കുന്നത്.

ഒരു പുരപ്പണിക്കാലത്ത് കവിത എഴുതാൻ നിർബന്ധിതനായ ഇടശ്ശേരിക്ക് വീടുനിർമാണം കാവ്യനിർമാണത്തിന്റെ പ്രതീകമായി തോന്നിയതിന്റെ ഫലമാണ് 'പുരപ്പണി' എന്ന കവിതയെന്ന് കവി തന്നെ സാക്ഷ്യപ്പെടുത്തുന്നു. പുരപ്പണി തുടങ്ങിയതിൽ പിന്നെ പ്രയാസങ്ങളേയുള്ളൂ. ഇരിക്കാൻ കൂടി കഴിയാതെ പരിഭ്രമിച്ചുള്ള ഓട്ടമാണ്. 'മഴക്കാറിൻ കീഴിൽ' അതുമിതും കൊത്തിപ്പറക്കുന്ന കിളിയായിട്ടാണ് കവി സ്വയം കാണുന്നത്. ഈ പണി പൂർത്തിയാക്കാനും, നഷ്ടമായ സ്വാസ്ഥ്യം തിരിച്ചെടുക്കാനും കഴിയുമോ എന്നാണ് കവിയുടെ ചോദ്യം. കാവ്യരചനാവേളയിൽ എഴുത്തുകാരൻ അനുഭവിക്കുന്ന സ്വൈരക്കേടുകളെ 'മധുരമായ വേദന' എന്ന് 'എന്റെ പണിപ്പുര'യിൽ ഇടശ്ശേരി വിശേഷിപ്പിച്ചിട്ടുണ്ട്.

മേൽക്കൂര നരച്ചതിനെച്ചൊല്ലി ചിലർ വിലപിക്കുമ്പോൾ നരയ്ക്കുവാനൊരു മേൽക്കൂര ഇല്ലാത്തതാണ് കവിയുടെ പ്രശ്നം. അനേകം പേരിൽനിന്ന് കവി സമ്പാദിച്ച പണിത്തരങ്ങളിൽചിലത് പൂതലിച്ചുപോയി. പലതും അപര്യാപ്തങ്ങളായിരുന്നു. ആവശ്യമുള്ളവ ഇനിയും സമ്പാദിക്കണം എന്ന ചിന്ത കവിയെ അലട്ടുന്നു. മാത്രമല്ല, മരപ്പണിയിലെ 'ചെയ്‌വനകൾ' ഉറപ്പിച്ചാലും കവിക്ക് അതിൽ ഉറപ്പില്ല. കാവ്യസാമഗ്രികളെക്കുറിച്ചുള്ള കവിയുടെ വിനയപ്രകടനവും രചനാശിൽപ്പത്തിന്റെ തികവിനെച്ചൊല്ലിയുള്ള കലാകാരന്റെ നിത്യദുഃഖവുമാണ് ഈ വരികളിൽ നിറയുന്നത്. അനുഭാവത്തോടെ 'ഇനിയും പുരപ്പണി തീർന്നില്ലേ' എന്ന് ചിലർ അന്വേഷിക്കുന്നു. എന്നാൽ, ഈ മരാമത്തി'ന്റെ മഹാരഹസ്യത്തെ ആരും അറിയുന്നില്ല എന്നാണ് കവിയുടെ പക്ഷം. പൂമണം ചൊരിഞ്ഞ് പൂമുഖം വിളങ്ങുമ്പോഴേക്കും വൈദ്യുതി വിളക്ക് എരിഞ്ഞുതുടങ്ങി. എന്നാൽ, അറപ്പുരയുടെ ഇരുണ്ട മൂലകളിൽനിന്ന് നരിച്ചീറിന്റെ ഗന്ധം വമിക്കുന്നു. വീടിന്റെ ഉൾഭാഗം പുതുക്കുമ്പോഴേക്കും ഈ മണിദീപങ്ങൾ വെറും മൺചെരാതുകൾ മാത്രമാകും. കാലമാകുന്ന പെരുന്തച്ചൻ കോപത്തോടെ ശപിച്ച അമ്പലത്തിന്റെ പണി മറിച്ചാകുമോ എന്നൊരു ചോദ്യംകൂടി കവി ഉന്നയിക്കുന്നു. പണിപൂർത്തിയാകാത്തതിൽ കാരുണ്യം ചൊരിയുന്നവർ സൃഷ്ടിയുടെ മഹാരഹസ്യം അറിയാത്തവരാണെന്ന്, മഹത്വം അറിയാത്തവരാണെന്ന്, കവി കരുതുന്നു. കാലത്തിന്റെ കോപത്തിനു മുമ്പിൽ കലാകാരന്റെ സൃഷ്ടി പൂർണമാകാതെ ശേഷിക്കുന്നു. ഹിമഗിരിപോലെ, മഹാംബുധി പോലെ, മഹാനഭസ്സുപോലെ ഒരു വീടാണ് കവിയുടെ സ്വപ്നം. പല നൂററാണ്ടിന്റെ രുചിഭേദങ്ങളും, പല സംസ്കാരത്തിന്റെ പ്രയോഗരീതികളും നിറഞ്ഞ വീടുകാണുമ്പോൾ ചിരിച്ചാലും, കയർത്താലും,

'...പറഞ്ഞു പോകരുതിതു
മറെറാന്നിന്റെ പകർപ്പെന്നു മാത്രം.'

എന്നാണ് കവിയുടെ അപേക്ഷ. 'കലർപ്പി'ന്റെ പേരിലുള്ള പരിഹാസവും കോപവും ഏററുവാങ്ങാൻ തയാറാവുന്ന കവി 'പകർപ്പാ'ണെന്ന അധിക്ഷേപം മാത്രം സഹിക്കാൻ തയ്യാറല്ല. സ്വസൃഷ്ടിയുടെ മൗലികതയുടെ നേർക്കുള്ള ചോദ്യംചെയ്യലിനെ ആണ് ഇടശ്ശേരി തടുക്കുന്നത്. 'മാമലപോലെ മഹാസമുദ്രം പോലെ മാഹാത്മ്യമുറെറാരു സൃഷ്ടി ചെയ്യാൻ' (വായാടി) കൊതിക്കുന്ന കവി പാരമ്പര്യത്തെയും സംസ്കാരത്തെയും നിഷേധിക്കാതെ, അവയെ സ്വാംശീകരിച്ചുകൊണ്ട് നിലകൊള്ളുന്ന തന്റെ കവിതയുടെ മൗലികതയാണ് വെളിപ്പെടുത്തുന്നത്.

വ്യക്തിക്കും സമൂഹത്തിനും കവിതയിലുള്ള സ്ഥാനം, പൂർവകാല കവിതയുമായി വർത്തമാനകാല കവിതയ്ക്കുള്ള ബന്ധം, അതിലെ വ്യത്യസ്തത, കവിതയുടെ മൗലികത, സംസ്കാരവും പാരമ്പര്യവുമായി അതിനുള്ള ബന്ധം എന്നിവയെല്ലാം 'നാലിതൾപ്പൂവി'ൽ അന്തർഭവിച്ചിരിക്കുന്നു. കവിതാനുകരണത്തെക്കുറിച്ചുള്ള വിവാദമാണ് സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള ഈ കവിത രചിക്കാൻ പ്രേരണ നൽകിയതെന്ന് ഇടശ്ശേരി രേഖപ്പെടുത്തിയിട്ടുണ്ട്.

കുട്ടൻ മുററത്തു നട്ടുവളർത്തിയ പനിനീർച്ചെടി മുററിവളർന്ന് മൊട്ടിട്ടു. ആ കരുമൊട്ടിനുള്ളിൽ

ഒളിച്ചിരുന്ന രഹസ്യം ആരും അറിഞ്ഞില്ല. 'ഉച്ചിക്കുടുമയും പററിച്ചു നിൽക്കുന്ന കൊച്ചൻ' വലുതാവുമ്പോൾ എന്താവുമെന്ന് ആർക്കറിയാം എന്നാണ് കവിയുടെ ചോദ്യം. എന്തോ ചിലത് പൊട്ടിവീണേക്കുമെന്ന മട്ടിൽ പേടിയും, ഹർഷവും, ധാർഷ്ട്യവും എല്ലാം കൂടിക്കലർന്നൊരു ഭാവമാണ് കുട്ടന്.

'ആദ്യത്തെ മൊട്ടിന്നു ചൂണ്ടു ചോന്നി,ല്ലവ-
ന്നായിരം പൂക്കൾ വിരിഞ്ഞിതുള്ളിൽ;
ആയിരം പൂക്കാലമൊപ്പമെത്തി പാരി-
ലാദ്യത്തെ പ്പൂവൊന്നു കൺമിഴിക്കെ.'

സൃഷ്ടി പൂർത്തിയാകവേ കലാകാരൻ അനുഭവിക്കുന്ന സർഗവേദന ഹർഷത്തിനു വഴിമാറുന്നത് ഉൾപ്പൂക്കൾ വിരിയുന്നതിലൂടെയും, ഒന്നിച്ചെത്തിയ ആയിരം പൂക്കാലത്തിലൂടെയും അനുഭവവേദ്യമാകുന്നു. ആ വഴിപോകുന്നവർ മറെറാരു പൂവെന്ന് സങ്കൽപ്പിക്കുമാറ് കുട്ടൻ മുററത്തിളം വെയിലിൽ 'പൊട്ടിത്തരിച്ചു കുളിർത്തു നിന്നു'. അതിന്റെ കാന്തിപ്രവാഹത്തെ, സൗന്ദര്യമാധുരിയെ, തുടുത്ത ഇതൾചാർത്തിന്റെ പതുപ്പിനെ, ഇളം മഞ്ഞനിറത്തിലുള്ള അല്ലികളെ വീണ്ടും വീണ്ടും ആസ്വദിച്ച് ആനന്ദമൂർച്ഛയിൽ മുഴുകി നിൽക്കുമ്പോൾ പനിനീർപ്പൂവ് കാണാനെത്തിയ കൂട്ടുകാർ പൂവിന്റെ മനോജ്ഞത കാണുമോ? അതിനെ വാഴ്ത്തുമോ? അതിന്റെ ഗുണങ്ങളിൽ വല്ലതും വിട്ടുപോകുമോ എന്നെല്ലാം അവൻ പേടിച്ചു. എന്നാലവർ ഒന്നും വിട്ടുപോയില്ലെന്നു മാത്രമല്ല കുററപ്പെടുത്താനുള്ള വകയും കണ്ടെത്തി 'പൂ നന്ന്' എന്ന രണ്ടക്ഷരങ്ങളിൽ അവർ ഗുണങ്ങളെല്ലാം ഒതുക്കി നിർത്തി. ആ രണ്ടക്ഷരങ്ങളിൽ ഒതുങ്ങി നിൽക്കാത്ത ഗുണങ്ങൾ- 'സൗന്ദര്യബോധമോ, ശിൽപ്പസാമർത്ഥ്യമോ, മന്ദേതരശ്രമശാലിതയോ?' എന്താണെന്ന് കവി അന്വേഷിക്കുന്നു. അവരുടെ 'നന്നെ'ന്ന പ്രശംസയെ കുട്ടൻ മിഠായി പോലെ നുണച്ചിരിക്കാം. എന്നാൽ, ആക്ഷേപിച്ചാലേ യോഗ്യരാവൂ എന്നതിനാൽ തുടർന്നവർ 'പള്ളിക്കൂടത്തിലെ തോട്ടക്കാരനിൽ നിന്നല്ലേ നീയതിന്റെ കമ്പുകൾ നേടിയത്' എന്ന 'നേര്' കണ്ടെത്തുന്നു.

'ആ വിടർന്നാടുന്ന സൗന്ദര്യപൂരത്തി-
ന്നാലസൽ സൗരഭ്യധോരണിക്കും
നല്ലോരുടമ, നിരൂപകദൃഷ്ടിയിൽ
പള്ളിക്കൂടത്തെ തോട്ടക്കാരൻ'

പൂക്കൾ ഉണ്ടാക്കുന്നതിൽ തോട്ടക്കാരനുള്ള വിരുത് അവർ വാഴ്ത്തുമ്പോഴും കുട്ടന്റെ മുഖം മ്ലാനമായില്ല. കാരണം പൂക്കളുടെ നിർമാണ പ്രക്രിയയിലെ 'അപ്പുറം ഇത്തിരിക്കൂടി കണ്ട' ആ വൃദ്ധനെ അവനും വാഴ്ത്തുന്നതാണ്. തന്റെ കലാകൗശലത്തിന്റെ വിജയക്കൊടി പോലെ വിടർന്നു നിൽക്കുന്ന പൂവിൽ നോക്കിചിരിച്ചുകൊണ്ട് 'നിരൂപകരെ' അമ്പരപ്പിക്കുമാറ് അവൻ പറഞ്ഞു. പണ്ടൊരു കാട്ടിലെ കാട്ടാളനാണ് കമ്പൊടിച്ചു കുത്തി ലോകാതിശായിയായ സൗന്ദര്യം നിറഞ്ഞ നാലിതൾപ്പൂവ് ആദ്യം വിരിയിച്ചത്. ആ കമ്പിന്റെ 'തുമ്പു'കൾ കിട്ടിയവർ അതിൽ 'ഉൾക്കളപ്പൂക്കൾ' ആവിഷ്കരിച്ചു. പള്ളിക്കൂടത്തിലെ തോട്ടക്കാരൻ ചെടിച്ചുള്ളികൾ സൃഷ്ടിച്ചത് എങ്ങനെയാണെന്ന് അറിഞ്ഞവർ ആരാണ്?

പനിനീർപ്പൂവിന്റെ സുഗന്ധത്തെയും മനോഹാരിതയെയും കവിതയോട് ബന്ധിപ്പിക്കുന്ന സൗന്ദര്യാത്മക മനോഭാവത്തേക്കാൾ ഒരു ഹരിതകാർഷിക സംസ്കാരത്തെയാണ് ഇടശ്ശേരി ലക്ഷ്യമാക്കുന്നത്. 'പ്രസ്താവന' എന്ന കവിതയിൽ 'ഞാനൊരു കർഷകനത്രേ/ നട്ടുവളർത്തുന്നു ഞാൻ കരിമ്പിവിടെ' എന്ന് ഇടശ്ശേരി തുറന്ന് പറയുന്നുണ്ട്. സൃഷ്ടിക്കു പിന്നിലെ നിഗൂഢത ഓർമിപ്പിച്ചുകൊണ്ടാണ് ഇടശ്ശേരി 'നാലിതൾപ്പൂവ്' ആരംഭിക്കുന്നത്. പൂവ് വിരിയാൻ കാത്തിരിക്കുന്ന കുട്ടനിൽ തന്റെ സർഗസൃഷ്ടിയെക്കുറിച്ചുള്ള കലാകാരന്റെ പ്രതീക്ഷ നിഴലിക്കുന്നതു കാണാം. ആദ്യത്തെ മൊട്ട് വിരിയുന്നതിനു മുമ്പുള്ള ആഹ്ലാദം. വിരിഞ്ഞു കാണുമ്പോഴുള്ള ആനന്ദം ഇവ കലാസൃഷ്ടി പൂർത്തിയാകുന്നതിനു തൊട്ടുമുമ്പും, പൂർത്തിയാകുമ്പോഴും കലകാരൻ അനുഭവിക്കുന്ന ആനന്ദമൂർച്ഛ തന്നെ. വിമർശകർ അതിന്റെ ഗുണങ്ങൾ കണ്ടെത്തുമോ എന്ന ചിന്തയാകട്ടെ ഏതു കാലത്തും, എവിടെയും കലാകാരൻ നേരിടുന്ന വെല്ലുവിളിയും. കവിതയുടെ ഭാവരൂപങ്ങൾ ഒന്നിച്ചുണ്ടാവുന്നതായതിനാൽ നിരൂപണബുദ്ധി ഏറുന്നത് നന്നല്ലെന്നും, ഗുണദോഷവിവേചനം ആകാമെങ്കിലും അത് കവിതയെ നശിപ്പിച്ചുകൊണ്ട് ആകരുതെന്നും ഇടശ്ശേരി 'എന്റെ പണിപ്പുര'യിൽ ഓർമപ്പെടുത്തുന്നുണ്ട്. പള്ളിക്കൂടത്തിലെ തോട്ടക്കാരനെ ബഹുമാനിക്കുന്ന കുട്ടൻ 'പൂക്കളുടെ നിർമാണ പ്രക്രിയയുടെ അപ്പുറം ഇത്തിരി കൂടി കണ്ടവനാ'യാണ് വൃദ്ധനെ കാണുന്നത്. കവിതാരഹസ്യത്തിന്റെ അക്കരകൂടി കാണാൻ കഴിഞ്ഞ ആദികവിയുടെ നേർക്ക് ഇരുപതാംനൂററാണ്ടിലെ കവിക്കുള്ള ആദരവല്ലാതെ മറെറന്താണിത്? വിമർശകരുടെ വായടച്ചുകൊണ്ട് കുട്ടൻ പറയുന്ന വാക്കുകൾ ആദികാവ്യവും അതിനുശേഷമുണ്ടായ ഓരോ കൃതിയും തമ്മിലുള്ള അടുപ്പത്തെയും അകൽച്ചയെയും

ഒരുപോലെ വ്യക്തമാക്കുന്നു. പാരമ്പര്യത്തിന്റെ, സംസ്കാരത്തിന്റെ കാലാതിവർത്തിയായ ചൈതന്യം ഉൾക്കൊള്ളുമ്പോൾത്തന്നെ ഓരോ കവിയും സ്വാനുഭവത്തിന്റെ ചൂടും ചൂരും ഉൾക്കൊണ്ട് കാവ്യത്തെ നിത്യനൂതനമാക്കുന്നുവെന്ന കലാരഹസ്യംകൂടി ഇടശ്ശേരി വായനക്കാരന് പകർന്നു നൽകുന്നു.